# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

## <u>വനിതാ ഇൻഫർമേഷൻ കേന്ദ്രം</u>

3631 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഇൻഫർമേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തോടും സഹകരണത്തോടുമാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(ഡി) ഇതിന് എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

'നിര്‍ഭയ' യുടെ പ്രവര്‍ത്തനം

3632

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ത്രീ സുരക്ഷാ നയമായ 'നിര്‍ഭയ' യുടെ പ്രവര്‍ത്തനം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) 'നിര്‍ഭയ' നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിലും, പ്രധാന താലൂക്ക് ആശുപത്രികളിലും സമാശ്വാസ കേന്ദ്രങ്ങള്‍ സ്ഥാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കില്‍ ആയത് സംസ്ഥാനത്തെ എല്ലാ സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലും കൂടി നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം രൂപീകരിക്കുന്ന സമാശ്വാസ കേന്ദ്രങ്ങള്‍ വഴി ഇരയായ സ്ത്രീകള്‍ക്ക് എന്തൊക്കെ സഹായം നല്‍കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) ഇതിലേയ്ക്ക് എന്ത് തുക 2013-14 സാമ്പത്തിക വര്‍ഷം മാറ്റിവച്ചിട്ടുണ്ട്;

(എഫ്) പ്രസ്തുത സമാശ്വാസ കേന്ദ്രങ്ങള്‍ എന്നുമുതല്‍ പ്രവര്‍ത്തിപ്പിക്കുവാന്‍ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ബാലാവകാശ കമ്മീഷൻ</u>

3633 ശ്രീ. വി. ഡി. സതീശൻ
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലാവകാശ കമ്മിഷൻ രൂപീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തോടും സഹകരണത്തോടെയുമാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന് എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്;വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

''സ്നേഹപൂർവ്വം പദ്ധതി''

3634 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ''സ്നേഹപൂർവ്വം'' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ശാരീരിക വെല്ലുവിളി നേരിടുന്നവര്‍ക്ക് പ്രത്യേകം സൗകര്യങ്ങള്‍ ഒരുക്കാന്‍ നടപടി</u>

3635 ശ്രീ.പി. സി. വിഷ്ണുനാഥ്
,, എം. പി. വിന്‍സെന്റ്
,, ആര്‍. സെല്‍വരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുജനങ്ങള്‍ ഉപയോഗിച്ചു വരുന്ന എല്ലാ കെട്ടിടങ്ങളിലും ശാരീരിക വെല്ലുവിളി നേരിടുന്നവര്‍ക്ക് അനായാസം പ്രവേശിക്കുന്നതിനും തടസ്സരഹിത സൗകര്യങ്ങള്‍ സൃഷ്ടിക്കുന്നതിനുമുള്ള ഒരു സമഗ്രനയം രൂപീകരിക്കാന്‍ പദ്ധതി രൂപികരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ വെളിപ്പെടുത്തുമോ;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തോടും സഹകരണത്തോടെയുമാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന് എന്തെല്ലാം പ്രാരംഭ നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ശാരീരികമായ വെല്ലുവിളികള്‍ നേരിടുന്നവരെ
സ്ഥിരപ്പെടുത്താന്‍ നടപടി

3636 ശ്രീ.ഇ.പി.ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശാരീരികമായ വെല്ലുവിളികള്‍ നേരിടുന്ന വിഭാഗത്തില്‍പ്പെട്ടവരും വിവിധ സര്‍ക്കാര്‍ വകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും താല്‍കാലികമായ സേവനം നോക്കിയിരുന്നവരുമായവരെ സ്ഥിരപ്പെടുത്തുന്നതിന് ഗവണ്‍മെന്റ് നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) കുറഞ്ഞത് എത്രകാലം ജോലി നോക്കിയവരെയാണ് സ്ഥിരപ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) ഇവരെ സ്ഥിരപ്പെടുത്തുന്നതിനായി കേരളാ പബ്ലിക് സര്‍വീസ് കമ്മീഷന്റെ അനുമതിക്കായി കത്തെഴുതുകയുണ്ടായോ; എന്തു മറുപടിയാണു ലഭിച്ചത്;

(ഡി) ഇപ്പോഴത്തെ സാഹചര്യത്തില്‍ തുടര്‍നടപടികള്‍ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഇ) എത്ര പേര്‍ക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

മാനസിക–ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകിവരുന്ന സഹായങ്ങൾ

3637 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനസിക–ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽപരമായ ആവശ്യത്തിന് ധനസഹായം നൽകുന്നുണ്ടെങ്കിൽ എത്ര രൂപവീതമെന്നും ഇത്തരത്തിൽ എത്ര അപേക്ഷകൾ വൈപ്പിൻ മണ്ഡലത്തിൽ നിന്നും ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ശാരീരിക വൈകല്യമുളളവർക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; വൈപ്പിൻ മണ്ഡലത്തിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷ ലഭിച്ചുവെന്നും, സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

3638

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചും മണ്ഡലം തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എത്രപേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോങ്ങാട് മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകരിൽ എത്ര പേർക്ക് ആയതിന്റെ ആനുകൂല്യം നൽകിയെന്നുള്ള വിവരം നൽകുമോ;

(ഇ) ക്രമനമ്പർ 324 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മീനു. ടി. എം. എന്ന ഒന്നര വയസ്സുള്ള കുട്ടിയ്ക്ക് പ്രസ്തുത സഹായം ലഭ്യമാക്കിയോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>വയോജനങ്ങളുടെ പരിചരണാർത്ഥം ഹെൽപ്പ്ഡെസ്ക്കുകൾ</u>

3639 ശ്രീ. എം. എ. വാഹിദ്
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വയോജനങ്ങളുടെ പരിചരണാർത്ഥം ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തോടും സഹകരണത്തോടെയുമാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിന് എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>വൃക്കരോഗികൾക്ക് പ്രതിമാസ പെൻഷൻ</u>

3640 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാമിഷൻ മുഖേന വൃക്കരോഗികൾക്ക് പ്രതിമാസ പെൻഷൻ നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) എന്നുമുതൽ പദ്ധതി നടപ്പിൽ വരുമെന്നും ഇതിന് എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സ്കൂൾ കൗൺസിലേഴ്സ്</u>

3641 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ ഏതെല്ലാം ജില്ലകളിലാണ് സ്കൂൾ കൗൺസിലേഴ്സിനെ നിയമിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് ഇത്തരത്തിൽ സ്കൂൾ കൗൺസിലേഴ്സ് ആയി നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം സ്കൂൾ കൗൺസിലേഴ്സിനെ നിയമിച്ചതുകൊണ്ടുള്ള നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്കൂൾ കൗൺസിലേഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>ശിശുമന്ദിരങ്ങളുടെ പ്രവര്‍ത്തനം</u>

3642 **ശ്രീ.സാജു പോള്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുകള്‍ നിയന്ത്രിക്കുന്ന ശിശുമന്ദിരങ്ങളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ശിശു മന്ദിരങ്ങള്‍ ഉണ്ട്; ശിശുമന്ദിരങ്ങള്‍ ഇല്ലാത്ത എത്ര പഞ്ചായത്തുകള്‍ സംസ്ഥാനത്തുണ്ട്;

(സി) ഈ സ്ഥാപനങ്ങളില്‍ പത്തു വര്‍ഷം താല്‍ക്കാലിക അടിസ്ഥാനത്തില്‍ ജോലി ചെയ്ത ജീവനക്കാരെ സ്ഥിരപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ;

(ഡി) ശിശുമന്ദിരങ്ങളില്‍ ആകെ എത്ര ജീവനക്കാര്‍ ജോലി ചെയ്യുന്നുണ്ട്; ഇതില്‍ എത്ര സ്ഥിരം ജീവനക്കാര്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ മിഷൻ പുറത്തിറക്കിയ സ്റ്റാമ്പ്</u>

3643 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി സാമൂഹ്യസുരക്ഷാ മിഷൻ പുറത്തിറക്കിയ സ്റ്റാമ്പ് വിൽപനയുമായി ബന്ധപ്പെട്ട് സർക്കാർ സ്റ്റാമ്പ് വിൽപന കാലാവധി എത്ര പ്രാവശ്യം ദീർഘിപ്പിച്ച് നൽകിയെന്നും, ദീർഘിപ്പിച്ചു നൽകിയ ഓരോ കാലാവധിക്കുള്ളിലും വിതരണം ചെയ്ത സ്റ്റാമ്പിന്റെ എണ്ണം എത്രയെന്നും പിരിഞ്ഞുകിട്ടിയ തുക എത്രയെന്നും ആ കാലയളവുകളിൽ ബാങ്കിൽ നിക്ഷേപിച്ച തുകയെത്രയെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റാമ്പ് വിൽപനയുമായി ബന്ധപ്പെട്ടു നടന്ന ക്രമക്കേടുകളെക്കുറിച്ച് ഏതെങ്കിലും സർക്കാർ ഏജൻസി അന്വേഷണം നടത്തുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാ മിഷൻ തസ്തികകൾ</u>

3644 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബൈലാപ്രകാരം സർക്കാർ അനുമതിയോടു കൂടി മാത്രമേ തസ്തികകൾ സൃഷ്ടിക്കാവൂ എന്നും ഫിനാൻസ് വകുപ്പും സർക്കാരും അംഗീകരിക്കുന്ന പ്രോജക്ടുകളിൽ അനുവദിക്കപ്പെടുന്ന തസ്തികകളിൽ മാത്രമേ നിയമനം നൽകാവൂ എന്നും, വ്യക്തമായി നിർദ്ദേശം നൽകപ്പെട്ടിട്ടുള്ളപ്പോൾ മുൻകൂർ സർക്കാർ അനുമതി ഇല്ലാതെ ഏതെങ്കിലും തസ്തികയിൽ സാമൂഹ്യസുരക്ഷാ മിഷനിൽ നിയമനം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## സാമൂഹ്യസുരക്ഷാമിഷനിലെ നിയമനം

3645 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവകുപ്പും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലെ സാമൂഹ്യസുരക്ഷാ മിഷൻ അഡ്മിനിസ്ട്രേറ്റീവ് കം അക്കൗണ്ട്സ് ഓഫീസറുടെ വിദ്യാഭ്യാസ യോഗ്യതകൾ വ്യക്തമാക്കുമോ ;

(ബി) ഈ ഉദ്യോഗസ്ഥൻ സാമൂഹ്യക്ഷേമ വകുപ്പിന്റെ ഏതെങ്കിലും ജില്ലാതല ഓഫീസിന്റെ ചുമതലയോ, വകുപ്പിന്റെ ഡയറക്ടറേറ്റിൽ ഏതെങ്കിലും സെക്ഷന്റെ ചുമതലയോ വഹിച്ചിട്ടുള്ളയാളാണോ;

(സി) എങ്കിൽ പ്രസ്തുത വ്യക്തിയെ മേല്പറഞ്ഞ തസ്തികകളിൽ നിയമിച്ചതു സംബന്ധിച്ചുള്ള എല്ലാ ഉത്തരവുകളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷാമിഷനിലെ ജീവനക്കാരുടെ വിശദവിവരങ്ങൾ</u>

3646 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ മിഷന്റെ ഹെഡ് ഓഫീസിലും റീജിയണൽ ഓഫീസിലും വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രോജക്ടുകളിലുമായി വിവിധ തസ്തികകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ പേര്, ശമ്പളവിവരം, മേൽവിലാസം, ഇവർ ഓരോരുത്തർക്കും നിയമനം ലഭിച്ച തീയതി, ഇവർ ഓരോരുത്തരുടേയും വിദ്യാഭ്യാസയോഗ്യത തുടങ്ങി എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ഇ.പി.എഫ്. ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>സെൻസസ് ജോലിയിൽ ഏർപ്പെട്ട അംഗൻവാടി ജീവനക്കാർക്ക് വേതനം</u>

3647 ശ്രീ. വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ലെ സെൻസസ് ജോലിയുടെ ഭാഗമായി വീടുകൾക്ക് നമ്പർ രേഖപ്പെടുത്തുന്നതിന് അംഗൻവാടി ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടർ ഏതെങ്കിലും തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സെൻസസ് ജോലിയിൽ ഏർപ്പെട്ട അംഗൻവാടി ജീവനക്കാർക്ക് വേതനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>അംഗന്‍വാടി വര്‍ക്കര്‍മാരുടേയും ഹെല്‍പ്പര്‍മാരുടേയും പെന്‍ഷന്‍</u>

3648

ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗന്‍വാടി വര്‍ക്കര്‍മാരുടേയും ഹെല്‍പ്പര്‍മാരുടേയും പെന്‍ഷന്‍ വര്‍ദ്ധിപ്പിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ അത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇവര്‍ക്ക് നിലവില്‍ ലഭിക്കുന്ന പെന്‍ഷന്‍ തുക തീരെ അപര്യാപ്തമാണെന്നുള്ള വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

അംഗൻവാടികൾക്ക് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും

3649 ശ്രീ.എ.കെ.ബാലൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാടക കെട്ടിടത്തിലും പരിമിതമായ സ്ഥലസൗകര്യങ്ങളിലും പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് കെട്ടിടങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ആർ.ഐ.ഡി.എഫിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിട നിർമ്മാണം

3650 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ അംഗനവാടിക്കും എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; അറിയിക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന അംഗനവാടികൾക്ക് എന്തെല്ലാം സൗകര്യമാണ് ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന അംഗനവാടി കെട്ടിടങ്ങളുടെ പ്രവൃത്തി എന്നേയ്ക്ക് ആരംഭിച്ച് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി</u>

3651 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ ഒരു മണ്ഡലത്തിൽ അഞ്ച് സെന്റ് സ്ഥലം സ്വന്തമായുള്ള 7 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എം.എൽ.എ മാരിൽ നിന്നും ഇതനുസരിച്ച് നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ഡി) കാഞ്ഞങ്ങാട് മണ്ഡലം എം.എൽ.എ നൽകിയ നിർദ്ദേശങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ</u>

3652 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ കണക്ക് പ്രസിദ്ധീകരിക്കാമോ;

(ബി) സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നബാർഡിന്റെ ധനസഹായത്തോടെ പാലക്കാട് ജില്ലയിൽ എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നുണ്ട്; ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ഏതെല്ലാം അംഗൻവാടികൾക്ക് എന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

വാമനപുരം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

3653

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നബാർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന അംഗൻവാടി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതുതായി നിർമ്മിക്കുന്നതിനുമായി വാമനപുരം നിയോജകമണ്ഡലത്തിൽ ഏതെല്ലാം അംഗൻവാടികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ അംഗൻവാടികൾ</u>

3654 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ സാമൂഹ്യ നീതി വകുപ്പിനു കീഴിൽ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ സ്വന്തമായി കെട്ടിടമുള്ള എത്ര അംഗൻവാടികളുണ്ട്;

(ബി) സ്വന്തമായി സ്ഥലമുള്ള എത്ര അംഗൻവാടികളുണ്ട്;

(സി) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാതെ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഏതെല്ലാം; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ സാമൂഹിക ക്ഷേമ പ്രവര്‍ത്തനങ്ങള്‍</u>

3655 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തില്‍ 2012-13 വര്‍ഷം ഏറ്റെടുത്ത് നടത്തിയ പ്രവര്‍ത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവര്‍ത്തന പുരോഗതി എന്നിവ വ്യക്തമാക്കാമോ;

(ബി) 2011-12 വര്‍ഷം അമ്പലപ്പുഴ മണ്ഡലത്തില്‍ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിയ പ്രവര്‍ത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവര്‍ത്തനപുരോഗതി എന്നിവ വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം</u>

3656

ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഈ വർഷത്തെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കാൻ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര സമയമാണ് നീട്ടിക്കൊടുത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതികൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും പുതിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം;

(സി) നടപ്പു വർഷം പദ്ധതി നിർവ്വഹണത്തിൽ പിന്നോട്ടടി ഉണ്ടായതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകം പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിര്‍വ്വഹണം</u>

3657

ശ്രീ. എളമരം കരീം
,, പി. ശ്രീരാമകൃഷ്ണന്‍
,, എസ്. ശര്‍മ്മ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിര്‍വ്വഹണത്തില്‍ മുന്‍വര്‍ഷത്തേക്കാള്‍ എന്തു ഗുണപരമായ മാറ്റങ്ങളാണ് 2012-13 ല്‍ സര്‍ക്കാര്‍ ലക്ഷ്യമിട്ടിരുന്നത്; ഇത് കൈവരിക്കാന്‍ സാധിച്ചുവെന്ന് സര്‍ക്കാര്‍ കരുതുന്നുണ്ടോ;

(ബി) സാമ്പത്തിക വര്‍ഷത്തിന്റെ അവസാനമാസത്തില്‍ പദ്ധതിയുടെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതിയ്ക്ക് മാറ്റം വരുത്താന്‍ സര്‍ക്കാരിന്റെ ഇടപെടല്‍കൊണ്ട് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള കാരണങ്ങള്‍ എന്താണെന്നറിയിക്കാമോ;

(സി) ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്താനുതകുന്ന എന്തെല്ലാം നടപടികളാണ് 2013-14 സാമ്പത്തിക വര്‍ഷത്തെ പദ്ധതി നിര്‍വ്വഹണത്തില്‍ വരുത്താന്‍ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം</u>

3658 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. വി. വിജയദാസ്
,, റ്റി. വി. രാജേഷ്
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും മോണിറ്ററിംഗും ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുള്ള പിന്തുണാ സംവിധാനമാക്കി സാങ്കേതിക സമിതികളെ കാര്യക്ഷമമാക്കി ഉപയോഗിക്കണമെന്ന് ഇപ്പോൾ സർക്കാരിന് അഭിപ്രായമുണ്ടോ; സർക്കാർ നിലപാട് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

2012 -2013 സാമ്പത്തിക വർഷത്തെ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതം

3659 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നാളിതുവരെയായി എത്ര തുക ചെലവഴിച്ചെന്നും ആയതിന്റെ ശതമാനവും വെളിപ്പെടുത്താമോ;

(ബി) പദ്ധതി നിർവ്വഹണത്തിനായി തീയതി നീട്ടി നൽകിയില്ലെങ്കിൽ ഗ്രാമ - ബ്ലോക്ക് പഞ്ചായത്തുകൾക്ക് എത്ര പദ്ധതി പണം നഷ്ടപ്പെടുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം</u>

3660 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം എത്ര കോടി രൂപയായിരുന്നു;

(ബി) ആയതിൽ 2013 മാർച്ച് 31 വരെ എത്ര കോടി രൂപ ചെലവഴിച്ചു; പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ആകെ ചെലവഴിച്ചത്;

(സി) പദ്ധതി വിഹിതം പൂർത്തീകരിക്കാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പണം ചെലവഴിക്കാൻ 2013-14 സാമ്പത്തിക വർഷം പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ എന്തൊക്കെയാണെന്നും 2013-14 സാമ്പത്തിക വർഷം, 2013 ലെ പദ്ധതി വിഹിതം ഏത് തീയിതി വരെ ചെലവഴിക്കാമെന്നും വ്യക്തമാക്കുമോ;

(ഇ) ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിൽ ഫണ്ടനുവദിക്കാത്തതും അംഗീകാരം നൽകുന്നതിൽ വരുത്തിയ മറ്റങ്ങളുമാണ് പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുവാൻ ഇടയാക്കിയത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ജി) 2013-14 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വഹിതം എത്ര എന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**10.04.2013-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകളിൽ വാർഡുതല ജനകീയ കമ്മിഷൻ</u>

3661 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഹൈബി ഈഡൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ വാർഡുതല ജനകീയ കമ്മിഷൻ രൂപവത്ക്കരിക്കാൻ പദ്ധതി രൂപവത്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ:

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>സീറോ വേസ്റ്റ് കർമ്മ പരിപാടി</u>

3662 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ സീറോ വേസ്റ്റ് കർമ്മ പരിപാടി പ്രോൽസാഹിപ്പിക്കാൻ പദ്ധതി രൂപവത്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>നിർമ്മൽ സ്റ്റേറ്റ് പദവി</u>

3663 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് നിർമ്മൽ സ്റ്റേറ്റ് പദവി ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ പദവി ലഭിക്കുന്നതു മൂലം എന്തെല്ലാം നേട്ടങ്ങളും സഹായവുമാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ ലക്ഷ്യത്തിനു വേണ്ടി സഹകരിക്കുന്നത്; വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>അടിസ്ഥാനവിവരരേഖ തയ്യാറാക്കാൻ നടപടി</u>

3664 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും അതതു പഞ്ചായത്തുകളിലെ വിഭവശേഷിയെയും ജൈവസമ്പത്തിനെയും കാർഷിക സാധ്യതകളെയും ഉൾപ്പെടുത്തി അടിസ്ഥാന വിവരരേഖ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇപ്രകാരം തയ്യാറാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുതല പദ്ധതികൾ തയ്യാറാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിർദ്ദേശം നൽകുമോ;

(സി) നിലവിൽ ഇപ്രകാരം തയ്യാറാക്കിയ അടിസ്ഥാന വിവരരേഖകൾ ഏതെങ്കിലും പഞ്ചായത്തുകളിൽ നിലവിലുണ്ടോ എന്നു പറയാമോ; ഇതിന്റെ അടിസ്ഥാനത്തിലാണോ ഈ പഞ്ചായത്തുകൾ പദ്ധതികൾക്ക് രൂപം നൽകുന്നത് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>ഫണ്ടുകൾ ബാങ്കുകൾ വകമാറ്റി ചെലവഴിക്കുന്നതിനെതിരെ നടപടി</u>

3665 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി. ഡി. എസ്സിന്റെ അക്കൗണ്ടിലേക്ക് വരുന്ന വിവിധ ഫണ്ടുകൾ ബാങ്കുകൾ വകമാറ്റി ലിങ്കേജ് ലോൺ കുടിശ്ശികയിലേക്ക് മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെണ്ണിക്കുളം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അഗതി–ആശ്രയ പദ്ധതികൾക്കായി, വെണ്ണിക്കുളം സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ വെണ്ണിക്കുളം ശാഖയിൽ വന്നിട്ടുള്ള തുക ബാങ്ക് വകമാറ്റിയിട്ടുണ്ടോ;

(സി) ഇതുമൂലം അഗതികൾക്കായുള്ള ഭക്ഷണം, മരുന്ന്, വിദ്യാ
ഭ്യാസ ചെലവുകൾ തുടങ്ങിയവ നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുന്നത് ഗൗരവമായിക്കാണുമോ;

(ഡി) വിവിധ പദ്ധതി തുകകൾ ബാങ്കുകൾ ഏകപക്ഷീയമായി വകമാറ്റുന്ന നടപടി അവസാനിപ്പിക്കുന്നതിന് അടിയന്തിരമായി ഇടപെടുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി – എടുത്ത വായ്പയുടെ തിരിച്ചടവ്</u>

3666

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനായി പഞ്ചായത്തുകൾ, സഹകരണ ബാങ്കുകളിൽ നിന്ന് എടുത്ത വായ്പയുടെ പലിശ, വ്യവസ്ഥ പ്രകാരം സർക്കാർ അടയ്ക്കാത്തതുമൂലം പ്രസ്തുത പദ്ധതി അവതാളത്തിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പലിശ കുടിശ്ശിക അടിയന്തിരമായി അടച്ചുതീർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കോടശ്ശേരി ഗ്രാമപഞ്ചായത്ത് കുറ്റിക്കാട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ നിന്നും ഇ.എം.എസ്. ഭവനപദ്ധതിയുടെ നടത്തിപ്പിനായി എടുത്ത വായ്പയുടെ പലിശയിനത്തിൽ അടയ്ക്കാനുള്ള കുടിശ്ശിക അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ</u>

3667 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ഭൂമി അളന്ന് നിശ്ചയിക്കുന്നതിന് ഫീസടയ്ക്കുന്നത്
ഒഴിവാക്കാൻ നടപടി

3668 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് പഞ്ചായത്തുകളിൽ നിക്ഷിപ്തമായ മേച്ചിൽപ്പുറം, തോടുകൾ, റോഡ്, കുളം തുടങ്ങിയ പുറമ്പോക്കുകളുടെ സ്ഥലം അളന്നു നിശ്ചയിക്കുന്നതിനും, അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി താലൂക്ക് സർവ്വേയറുടെ സേവനം ആവശ്യമായി വരുന്നതിന് ഫീസ് ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി പഞ്ചായത്തുകൾ ഫീസ് അടയ്ക്കേണ്ടതുണ്ടോ;

(ബി) സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഭൂമി അളക്കുന്നതിനായി ഫീസടയ്ക്കുന്നതിൽ നിന്നും ഭൂമിയുടെ കസ്റ്റോഡിയൻമാരായിട്ടുള്ള ഉദ്യോഗസ്ഥരെ ഒഴിവാക്കിയതുപോലെ പഞ്ചായത്ത് കസ്റ്റോഡിയനായിട്ടുള്ള ഭൂമി അളന്നു നിശ്ചയിക്കുന്നതിന് ഫീസടയ്ക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

### കുടുംബശ്രീ വനിതകൾക്ക് അവസരം

3669 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ കുടുംബശ്രീ വനിതകൾക്ക് അവസരം നൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഏതെല്ലാം മേഖലകളിൽ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപഞ്ചായത്തുകളിലെ 'ഫ്രണ്ട് ഓഫീസ്' സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ശുചിത്വമിഷൻ</u>

3670 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) മാലിന്യമുക്ത കേരളം കർമ്മപദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് മിഷന്റെ നേതൃത്വത്തിൽ നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ശുചിത്വ മിഷൻ</u>

3671 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉറവിട മാലിന്യ സംസ്കരണത്തിന് പഞ്ചായത്തുകൾക്ക് ശുചിത്വമിഷൻ മുഖേന എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്;

(ബി) കാസർകോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതികൾ സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) പദ്ധതി സമർപ്പിക്കാത്ത പഞ്ചായത്തുകളിൽ അത് സമർപ്പിക്കുന്നതിനുവേണ്ടി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>സംവരണ സീറ്റുകൾ</u>

3672 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ത്രിതലപഞ്ചായത്തുകളിൽ സംവരണം ചെയ്ത സീറ്റുകൾ എത്ര വീതമാണ് എന്നറിയിക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം

3673 ശ്രീ. കെ. ശിവദാസൻ നായർ
'' പാലോട് രവി
'' ബെന്നി ബെഹനാൻ
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽകൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ പദ്ധതി രൂപവൽക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

**"ഫ്രണ്ട് ഓഫീസ്" സംവിധാനം**

3674 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുമോ ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ ഉദ്ദേശിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ</u>

3675

ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ജോലിചെയ്യുന്നുണ്ട് ;

(ബി) ക്ലർക്ക്-ടൈപ്പിസ്റ്റിന്റെ 10/11/2010 - ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിലുള്ളവരെ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി അനുവദിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>പഞ്ചായത്തുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം</u>

3676 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പതിനാല് ജില്ലകളിലും എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എല്ലാ പഞ്ചായത്തുകളിലും വിവരാവകാശ സേവനത്തിന്റെയും മറ്റനുബന്ധ സേവനങ്ങളുടെയും ഭാഗമായി ഒരു ഡാറ്റാ–എൻട്രി ഓപ്പറേറ്ററുടെ തസ്തിക നിലവിലുണ്ടോ;

(സി) ഈ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണോ; വിശദമാക്കുമോ;

(ഡി) എങ്കിൽ ഈ തസ്തികയിലെ നിയമനം എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ കേഡർ

3677 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ കേഡർ രൂപീകരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ മിനിസ്റ്റീരിയൽ കേഡറിന്റെ ഭാഗമായി സൂപ്പർവൈസറി തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(സി) സ്ഥിരമായി പുനർവിന്യാസത്തിലൂടെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ഓപ്ഷൻ നൽകിവന്ന ജീവനക്കാർക്ക് സൂപ്പർവൈസറി തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>സി. ഡി. എസ്സ്. അക്കൗണ്ടന്റുമാർ</u>

3678 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സി. ഡി. എസ്സിന് കീഴിൽ എത്ര അക്കൗണ്ടന്റുമാർ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ;

(ബി) സി. ഡി. എസ്സ് അക്കൗണ്ടന്റുമാരെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം പിരിച്ചുവിടൽ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സി. ഡി. എസ്സ് അക്കൗണ്ടന്റുമാരെ പിരിച്ചുവിടാൻ ഇടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ

3679 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പേരു വിവരവും ചെയിനേജും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയ തുകയും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ പ്രവര്‍ത്തനം</u>

3680 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012 -13 വര്‍ഷത്തെ പദ്ധതി വിഹിതത്തില്‍ വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകള്‍ ഓരോ മേഖലയിലും എത്ര ശതമാനംവീതം തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളും പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി എത്ര തുക വീതം കഴിഞ്ഞ സാമ്പത്തികവര്‍ഷം നീക്കിവച്ചു എന്നും ഇതില്‍ എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിലെ പഞ്ചായത്തുകൾ വിനിയോഗിച്ച പദ്ധതി വിഹിതം

3681 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 -13 വർഷത്തെ പദ്ധതിവിഹിതം മുഴുവനായി വിനിയോഗിച്ച എത്ര പഞ്ചായത്തുകൾ പാലക്കാട് ജില്ലയിലുണ്ട്; വ്യക്തമാക്കാമോ;

(ബി) പദ്ധതിവിഹിതത്തിന്റെ 50% ൽ താഴെ ചെലവഴിച്ച എത്ര പഞ്ചായത്തുകൾ പാലക്കാട് ജില്ലയിലുണ്ട്; ഏതെല്ലാം; ചെലവഴിച്ച തുകയുടെ ശതമാന കണക്ക് വ്യക്തമാക്കാമോ; ചെലവഴിക്കാതിരുന്നതിന്റെ വിശദീകരണം ലഭ്യമാണോ; ആയത് വ്യക്തമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ ഓരോ ഗ്രാമപഞ്ചായത്തിനും 2012-13 വർഷത്തെ പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചത്; എത്ര വിനിയോഗിച്ചു എന്ന കണക്ക് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ നൽകുമോ;

(ഡി) പദ്ധതിവിഹിതം ചെലവഴിക്കാതിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

3682 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ 2011-12, 2012-13 വർഷങ്ങളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തിരൂർ മണ്ഡലത്തിൽ 2013-14 വർഷം സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ സംബന്ധിച്ച് വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പ് തിരൂർ മണ്ഡലത്തിലെ ആതവനാട്, വെട്ടം, കല്പകഞ്ചേരി, തിരുന്നാവായ, തലക്കാട്, വളവന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി 2011-12, 2012-13 വർഷങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ;

(ഡി) 2013-14 വർഷത്തിൽ തിരൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉള്ളതും ഉപയോഗിക്കാത്തതുമായ ഭൂമി</u>

3683 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൈപ്പിൻ മണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളുടെ ഉടമസ്ഥതയിൽ ഉള്ളതും എന്നാൽ നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമിയുടെ വിസ്തീർണ്ണം പഞ്ചായത്ത് തിരിച്ച് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് ശ്മശാനം</u>

T. 3684 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ ഇലക്ട്രിക് ശ്മശാനം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ബന്ധപ്പെട്ട ഫയൽ നമ്പർ ലഭ്യമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഏപ്രിൽ 1.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.